I/89669/2024

**ഭരണഭാഷ - മാതൃഭാഷ**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം -ജീവനക്കാര്യം (ഡി) - ലാസ്റ്റ് ഗ്രേഡ് / സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (ഡി) വിഭാഗം

നം:ഇഡി2/4114/24/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 15-05-2024

---

*വായന:-* 1.03.01.2014 ലെ സ. ഉ.(പി) നം.01/2014/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്

2..19.07.2014 ലെ സ. ഉ.(പി) നം.21/2014/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്

3.28.05.2015 ലെ സ. ഉ.(പി) നം.16/2015/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്

4.20.06.2015 ലെ സ. ഉ.(പി) നം.19/2015/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്

5.24.08.2019 ലെ സ. ഉ.(പി) നം.6/2019/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്

6.21.07.2022 ലെ സ. ഉ.(അച്ചടി) നം.6/2022/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്

7.26.03.2024 ലെ ഇജി3/33391/15/ഡിടിഇ നമ്പർ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സംസ്ഥാനതല അന്തിമ സീനിയോറിറ്റി ലിസ്റ്റ്

**ഉത്തരവ്**

വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ ഒരു വർഷം ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 10% ത്തിലേക്ക്, അതത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് / സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക്; യോഗ്യതയുടെയും, ആദ്യ നിയമന തസ്തികയുടെ സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം അനുവദിച്ച് കൊണ്ട് വായന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വായന (2) മുതൽ (4) വരെയുള്ള ഉത്തരവുകൾ പ്രകാരം ടി തസ്തിക മാറ്റ നിയമനങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണവും സർക്കാർ പുറപ്പെടുവിച്ചിരുന്നു.

ജില്ലാതലത്തിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയുടെ 10% ഒഴിവുകൾ തസ്തിക മാറ്റ നിയമനത്തിനായി മാറ്റി വയ്ക്കുവാൻ കഴിയാത്ത വകുപ്പുകളിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയുടെ സംസ്ഥാനതല ശ്രേണിബലം കണക്കാക്കി സംസ്ഥാന തലത്തിലുണ്ടാകുന്ന ആകെ ഒഴിവുകളുടെ

10% തസ്തിക മാറ്റ നിയമനത്തിനായി നീക്കി വെയ്ക്കാനും, ഓരോ വകുപ്പുകളിലെയും എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയുടെ സംസ്ഥാനതല ശ്രേണി ബലത്തിൻറെ 10% ത്തിൽ ഇപ്രകാരം തസ്തിക മാറ്റ നിയമനം എത്തിച്ചേരുന്നത് വരെ തുടരുവാനും വായന (3) പ്രകാരം അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

ഈ വകുപ്പിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ സംസ്ഥാന തല ആകെ അംഗീകൃത ശ്രേണീബലം 39 ആണ്. ജില്ലാ തല സീനിയോറിറ്റി ലിസ്റ്റ് പ്രകാരം എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്ക് മേൽ പ്രകാരം തസ്തിക മാറ്റം ലഭിച്ച ഒരു ജീവനക്കാരൻ നിലവിൽ സേവനത്തിലുണ്ട്.

എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്ക് തസ്തിക മാറ്റ നിയമനം ലഭിക്കുന്നതിന് യോഗ്യരായ ലാസ്റ്റ് ഗ്രേഡ് / സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരുടെ സംസ്ഥാനതല അന്തിമ സീനിയോറിറ്റി പട്ടിക വായന (7) പ്രകാരം ഉത്തരവായിരുന്നു.

മേൽ സാഹചര്യത്തിൽ, വായന (7) അന്തിമ സംയോജിത സീനിയോറിറ്റി പട്ടികയിലുൾപ്പെട്ട ചുവടെ പട്ടികയിലുള്ള ജീവനക്കാർക്ക്, വായന സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി, ₹ 26500 - 60700 വേതന നിരക്കിലുള്ള എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| വായന സീനിയോറിറ്റി പട്ടികയിലെ ക്രമ നം | തസ്തികമാറ്റം ലഭിച്ച ജീവനക്കാരിയുടെ പേര്, സ്ഥാപനം, പെൻ | തസ്തികമാറ്റം അനുവദിക്കുന്ന തസ്തികയും, സ്ഥാപനം |
|---|---|---|
| 2 | ശ്രീമതി.സോണി.എം.ജെ<br>നോൺ - ടെക്നിക്കൽ അറ്റൻഡർ<br>സർക്കാർ പോളിടെക്നിക് കോളേജ്, കളമശ്ശേരി<br>പെൻ - 384728 | എൽ.ഡി.ടൈപ്പിസ്റ്റ്<br>സർക്കാർ പോളിടെക്നിക് കോളേജ്, കോട്ടയം |
| 3 | ശ്രീമതി.ഷാർമിളി.ടി<br>ഗാർഡനർ,<br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,<br>തിരുവനന്തപുരം<br>പെൻ - 171789 | എൽ.ഡി.ടൈപ്പിസ്റ്റ്<br>സർക്കാർ പോളിടെക്നിക് കോളേജ്,വെണ്ണിക്കുളം |

I/89669/2024

സംസ്ഥാന തല സീനിയോറിറ്റി പട്ടികയുടെ അടിസ്ഥാനത്തിൽ, ഒഴിവുള്ള ജില്ലയിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്ക് തസ്തികമാറ്റം ലഭിച്ച ടി പട്ടികയിലെ ഉദ്യോഗസ്ഥർക്ക്, അവരുടെ മാതൃ ജില്ലയിൽ മേൽ പ്രകാരം തസ്തികമാറ്റ നിയമനത്തിനായി മാറ്റി വച്ചിട്ടുള്ള ഒഴിവുകളിലേക്ക്, വായന (6) ലെ സർക്കാർ ഉത്തരവ് പ്രകാരം സ്ഥലംമാറ്റത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം ടി ഉദ്യോഗസ്ഥർ ഈ ഉത്തരവ് തിയതി മുതൽ രണ്ടാഴ്ചയ്ക്കുള്ളിൽ സ്ഥാപന മേധാവി മുൻപാകെ ജോലിക്ക് ഹാജരാകേണ്ടതാണ്. അല്ലാത്ത പക്ഷം മറ്റൊരറിയിപ്പ് കൂടാതെ ടി തസ്തികമാറ്റ നിയമനം റദ്ദ് ചെയ്യുന്നതായിരിക്കും.

തുടർച്ചയായ മൂന്ന് വർഷ സേവന കാലയളവിനുള്ളിലെ രണ്ട് വർഷത്തെ സേവനം എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ നിരീക്ഷണ കാലയളവായി ടി ഉദ്യോഗസ്ഥർ പൂർത്തീകരിക്കേണ്ടതാണ്.

ടി ഉദ്യോഗസ്ഥരുടെ വിടുതൽ / ചേരും കാലം യഥാസമയം ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ്.

Sunil Kumar C V

SENIOR ADMINISTRATIVE OFFICER

പകർപ്പ്:

1.സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,ഡിടിഇ

2.ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും, ബന്ധപ്പെട്ട ജീവനക്കാർക്കും

3.സൂപ്രണ്ട്, ജീവനക്കാര്യം എ / ഗ്രഡേഷൻ / അക്കൗണ്ട്സ്, ഡിടിഇ

4.ഇ - ഓഫീസ് കരുതൽ സഞ്ചയം

Signed by
Sunil Kumar C V
Date: 15-05-2024 14:31:10